Break the Chain

വനിത ശിശുവികസന വകുപ്പ്

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി– മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**
**(ഹാജർ: പ്രിയങ്ക ജി IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

**വിഷയം:-** വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - കോട്ടയം സ്വദേശി ഹന്നാ സിബി എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

**പരാമർശം:** കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 23.04.2022 തീയതിയിലെ DCPU/B2/123/2022

==========================================================================

**ഉത്തരവ് നമ്പർ : ICPS-4(A)/1880/2022 തീയതി: 03.06.2022**

==========================================================================

കോട്ടയം ജില്ലയിൽ മീനച്ചിൽ,വെള്ളരിങ്ങാട് വീട്ടിൽ ശ്രീ.സിബി, ശ്രീമതി.ജോയിസി എന്നീ ദമ്പതികളുടെ മകളായ ഹന്നാ സിബി (4 വയസ്സ്) എന്ന കുട്ടിക്ക് Spinal Muscular Atrophy Type 2 എന്ന അസുഖത്തിന് ജീവിതകാലം മുഴുവൻ മെഡിക്കൽ സപ്പോർട്ട് ആവശ്യമാണ് എന്നും നിലവിൽ കുട്ടി കോഴിക്കോട് ഉള്ള ആസ്റ്റർ മിംസ് എന്ന ആശുപത്രിയിൽ ചികിത്സയിലാണ്. കുട്ടിക്ക് സ്വന്തമായി ഒന്നും തന്നെ ചെയ്യാൻ സാധിക്കുന്നില്ല .നിലവിൽ കുട്ടിക്ക് Physiotherapy നൽകി വരുന്നുണ്ട്. കുടുംബത്തിന് നിലവിൽ മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും ആയതിനാൽ കുട്ടിയുടെ ചികിത്സാ ഇനത്തിൽ ചിലവായ 7,437/-രൂപ ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്നും കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള കോട്ടയം ജില്ലയിൽ മീനച്ചിൽ,വെള്ളരിങ്ങാട് വീട്ടിൽ ശ്രീ.സിബി ശ്രീമതി.ജോയിസി എന്നീ ദമ്പതികളുടെ മകളായ ഹന്നാ സിബി എന്ന കുട്ടിയുടെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ

ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ **6,667/-രൂപ (ആറായിരത്തി അറുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം)** അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

ടി തുകയായ **6,667/-രൂപ (ആറായിരത്തി അറുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം)** 2235-02-106-91(P) ശീർഷകത്തിൽ നിന്നും കോട്ടയം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി നൽകേണ്ടതും. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി കോട്ടയം ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കോട്ടയം

പകർപ്പ്

1. ജില്ലാ വനിത ശിശു വികസന ഓഫീസർ,കോട്ടയം
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്